പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പര്‍ : 93      26.09.2011 ല്‍ മറുപടിക്ക്

**<u>സര്‍ക്കാരിന്റെ വിവിധ പരിപാടികളുടെ പ്രചരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോര്‍ക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സര്‍ക്കാരിന്റെ വിവിധ പരിപാടികള്‍ പത്ര , ദൃശ്യ മാധ്യമങ്ങള്‍ മുഖാന്തിരം പ്രചരിപ്പിക്കുന്നതിന് നാളിതുവരെ എത്ര തുകയുടെ ഓര്‍ഡറുകള്‍ ആണ് നല്‍കിയത് ; ഏതെല്ലാം സ്ഥാപനങ്ങള്‍ക്കാണ് നല്‍കിയത് ; | (എ) ഈ സര്‍ക്കാരിന്റെ വിവിധ പരിപാടികള്‍ പത്രങ്ങള്‍, ദൃശ്യ മാധ്യമങ്ങള്‍ മുഖേന പ്രചരിപ്പിക്കുന്നതിനായി ഏകദേശം 110 പരസ്യങ്ങള്‍ നല്കിയിട്ടുണ്ട്. പി.ആര്‍.ഡി.യുടെ മീഡിയ ലിസ്റ്റിലുള്ള എല്ലാ പത്രങ്ങള്‍ക്കും ആനുകാലിക പ്രസിദ്ധീകര ണങ്ങള്‍ക്കും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങള്‍ക്കുമാണ് ഇപ്രകാരം പരസ്യം നല്‍കിയിട്ടുള്ളത്. കൂടാതെ സുവനീര്‍ നിരക്കില്‍ ചില ആനുകാലിക പ്രസിദ്ധീകരണങ്ങള്‍ക്കും പരസ്യം നല്‍കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഓര്‍ഡറുകളില്‍ എത്ര രൂപയുടെ ഓര്‍ഡറുകള്‍ പാസ്സാക്കി നല്‍കി ; ഏത് സ്ഥാപനങ്ങള്‍ക്കെല്ലാമാണ് പാസ്സാക്കി നല്‍കിയത്; വിശദാംശം ലഭ്യമാക്കാമോ ? | (ബി) പ്രസ്തുത ഓര്‍ഡറുകളില്‍ പി.ആര്‍.ഡി. തുക നല്കേണ്ട ഒന്നിന്റെയും തുക പാസ്സാക്കി നല്കിയിട്ടില്ല. മാധ്യമങ്ങളില്‍ നിന്നും ബില്ലുകള്‍ ലഭിക്കുന്ന മുറയ്ക്ക് അവ പാസ്സാക്കി നല്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍